**മലപ്പുറം : 12.08.2019**

# കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ 2019 ലെ മികച്ച കേസന്വേഷണത്തിനുള്ള മെഡലിന് തിരൂർ ഡിവൈഎസ്പി ജലീൽ തോട്ടത്തിൽ അർഹനായി



***ജലീൽ തോട്ടത്തിൽ, ഡിവൈഎസ്പി***

******

മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഹൈടെക് സൈബർ തട്ടിപ്പ് കേസിന്റെ അന്വേഷണത്തിനാണ് പുരസ്കാരം ലഭിച്ചത്. ഇന്ത്യയിൽ തന്നെ ഏറ്റവും മികച്ച 96 കേസുകൾക്കാണ് പുരസ്കാരം ലഭിച്ചത്.

കഴിഞ്ഞ വർഷം മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഹൈടെക് സൈബർ തട്ടിപ്പ് കേസിന്റെ അന്വേഷണത്തില് പത്ത് ആഫ്രിക്കൻ സ്വദേശികളടക്കം പന്ത്രണ്ട് പേരെയാണ് മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തത്.

മഞ്ചേരിയിലെ മെഡിക്കൽ മൊത്തവിതരണ സ്ഥാപന ഉടമയെ ഉത്പന്നം വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തുകയും പിന്നീട് ഇതേ സ്ഥാപനത്തിന്റെ പേരും റസീപ്റ്റുകളും വെബ്സൈറ്റും മറ്റും ഉപയോഗിച്ച് വിവിധ ഉത്പന്നങ്ങൾ വാഗ്ദാനം ചെയ്ത്

മറ്റുള്ളവരിൽ നിന്നും പണം തട്ടിയെടുത്തെന്ന കേസിന്റെ അന്വേഷണമാണ് പ്രതികളെ പിടികൂടാൻ വഴിയൊരുക്കിയത്.
2018 ജൂലൈ മാസം മുതല് 2019 ജൂണ് മാസം വരെയുള്ള കാലയളവിൽ ഹൈദരാബാദ്, ഡൽഹി, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നായി അതിസാഹസികമായാണ് പോലീസ് കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തത്.
പ്രതികളിൽ നിന്നും പിടിച്ചെടുത്ത ഉപകരണങ്ങളും മറ്റും ആസ്പദമാക്കിയുള്ള അന്വേഷണത്തില് രാജ്യത്തിനകത്ത് പഞ്ചാബ്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഗുജറാത്ത്, ഗോവ, തെലങ്കാന, ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ് നാട് മുതലായ സംസ്ഥാനങ്ങളിലും തിരുവനന്തപുരത്തും, രാജ്യത്തിന് പുറത്ത് ജർമ്മനി, കാനഡ തുടങ്ങിയ രാജ്യങ്ങളിലുമായി വധശ്രമം, മോഷണം, കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക തട്ടിപ്പുകൾ പോലോത്ത അനവധി കേസുകളിൽ ഇവർ ഉൾപ്പെട്ടിട്ടുള്ളതായി വ്യക്തമായി.
ഡിവൈഎസ്പി ജലീൽ തോട്ടത്തിലിന്റെ നേതൃത്വത്തിൽ സിഐ എൻ.ബി. ഷൈജു, സൈബർ ഫോറൻസിക് ടീം അംഗം എൻ.എം. അബ്ദുല്ല ബാബു, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷന് ടീം അംഗങ്ങളായ ടി.പി. മധുസൂദനൻ, എം. ഷഹബിൻ, പി. ഹരിലാൽ, കെ. സൽമാന്, എം.പി. ലിജിൻ, കെ.പി. അബ്ദുൽ അസീസ്, അമ്പാളി ശശികുമാർ എന്നിവരടങ്ങിയ സംഘമാണ് ഈ കേസിന്റെ അന്വേഷണം നടത്തിയത്.
മുമ്പ് സ്തുത്യർഹ സേവനത്തിന് മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ, കുറ്റാന്വേഷണ മികവിന് ഡിജിപിയുടെ ബാഡ്ജ് ഓഫ് ഓണർ എന്നിവയും ഡിവൈഎസ്പി ജലീൽ തോട്ടത്തിൽ നേടിയിട്ടുണ്ട്.